പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30 — 28.06.2016 -ൽ മറുപടിക്ക്.

## വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.കെ. ദാസൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും പൊതു വിതരണവും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യധാന്യ വിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന അവസ്ഥ സംജാതമായിട്ടുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അവലോകനം ചെയ്തിട്ടുണ്ട്; കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ട് അന്യസംസ്ഥാന ങ്ങളിൽ നിന്നും അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്താണ് കേരളത്തിന്റെ ആവശ്യകത നിറവേറ്റുന്നത്. ഇക്കാര്യം കൊണ്ട് വിപണിയിൽ അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധനവ് ഉണ്ടാകുന്നത് സാധാരണയാണ്. സംസ്ഥാനത്ത് അരിയുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിക്കുന്നു എന്ന റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാനായി 14.06.2016 ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ സഹകരണം ഉറപ്പ് നല്കിയിട്ടുണ്ട്. |
| (ബി) കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, കൃത്രിമ വിലക്കയറ്റം തുടങ്ങിയവ തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, കൃത്രിമ വിലക്കയറ്റം തുടങ്ങിയവ തടയുന്നതിനായി നിലവിലുള്ള പരിശോധനാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ 01.06.2016 മുതൽ ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. |

ഈ സെല്ലിൽ നിന്നും എല്ലാ ജില്ലകളിൽ നിന്നുള്ള ദൈനംദിന പരിശോധനകളുടെയും റെയ്ഡി ന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നുണ്ട്. 22 അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിൽ നല്കുകയും അവിടെ നിന്നും വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ചേർക്കുകയും ചെയ്യുന്നുണ്ട്. 2016 ജനുവരി മുതൽ മെയ് വരെ സംസ്ഥാനത്തുടനീളം 20,199 പൊതുവിതരണ കേന്ദ്രങ്ങളും 2,114 ഓപ്പൺ മാർക്കറ്റ് കടകളും പരിശോധനയ്ക്ക് വിധേയമാക്കി. നിയമ ലംഘനം നടത്തിയവർക്കെതിരെ അവശ്യവസ്തു നിയമം 1955 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ